# പതിനാലാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7677** **15.07.2014-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ്</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ശ്രീരാമകൃഷ്ണൻ:** | **ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| (എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് നൽകിവന്നിരുന്ന സ്കോളർഷിപ്പ് (ഗ്രാന്റ്) ഇപ്പോൾ ലഭിക്കാത്തതുമൂലം ഇവരുടെ വിദ്യാഭ്യാസം തന്നെ അവതാളത്തിലാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സ്കോളർഷിപ്പ് ലഭിക്കാത്തതു മൂലം മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളുടെ വിദ്യഭ്യാസം അവതാളത്തിലായിട്ടില്ല. എന്നാൽ 2012-13 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി ബഡ്ജറ്റിൽ 12 കോടി രൂപ വകയിരുത്തിയിരുന്നു. ആയതു മുഴുവൻ അനുവദിച്ച് നൽകി. 2013-14 വർഷത്തിൽ 8 കോടി രൂപ വകയിരുത്തിയിരുന്നു. 8 കോടി രൂപയും കുട്ടികൾക്ക് അനുവദിച്ചു നൽകി. 2014-15 വർഷത്തിൽ 9 കോടി രൂപയാണ് ഇതിലേക്കായി വകിയിരുത്തിയിട്ടുളളത്.<br><br>2012-13, 2013-14 വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചെലവഴിച്ചുവെങ്കിലും ജില്ലകളിൽ വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിൽ 20.56 കോടി രൂപ തുക കുടിശ്ശികയുള്ളതായും ജില്ലാ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) എത്ര മാസത്തെ കുടിശ്ശികയാണ് ഇവർക്ക് നൽകാനുള്ളത്; ആകെ എന്തു തുക നൽകാനുണ്ട്; | (ബി) 2012-13 സാമ്പത്തിക വർഷം മുതൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 9 കോടി രൂപയും ജില്ലകൾക്ക് അനുവദിച്ചു നൽകി.<br><br>2012-13, 2013-14 വർഷങ്ങളിലെയും 2014-15 വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമെ മൊത്തം 20.56 കോടി രൂപ കുടിശ്ശിക തീർക്കുവാനായി ആവശ്യമുണ്ട്. |

| | |
|---|---|
| (സി) ഇവരുടെ സ്റ്റൈപന്റ് കുടിശ്ശിക സഹിതം അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ